# ബാലപാഠം

**കല.ജി.കെ.**

ഒറ്റതിരിയിട്ടു കത്തുന്ന നിലവിളക്ക്.... വലിയ നാഴിയിലെ നെല്ലും ചെറിയ നാഴിയിലെ അരിയും.... അച്ഛന്റെ ഭൂമിയിലെ ആ കടങ്ങൾക്ക് അരികെ പുല്ലുപായയില് അവളിരുന്ന് കരഞ്ഞു. ഇന്നലെ എരിഞ്ഞു തീർന്ന അച്ഛൻ....നെഞ്ചിലെ കനപ്പിൽ നിന്നും അച്ഛനെ തൊട്ടപ്പോഴുണ്ടായ ആ തണുത്ത മരവിപ്പ് കൈകളിലേക്ക് ഇരച്ചുകയറി. ഐസ് ബോക്സിനുള്ളിൽ വെള്ളത്തുണി പുതച്ച് കിടന്നുറങ്ങുന്ന അച്ഛന്റെ മുഖത്തും, നെഞ്ചിലും, കൈകളിലും ഭ്രാന്തമായി അവൾ കൈയ്യോടിച്ചു...മുഖമമർത്തി തേങ്ങി.. എന്നെ വാത്സല്യത്തോടെ തഴുകുകയും കെട്ടിവരിയുകയും ചെയ്ത കൈകള്, സ്നേഹം നിറഞ്ഞ നെഞ്ച്... കെട്ടിവരിഞ്ഞ അവളുടെ കൈകൾ അടർത്തി മാറ്റി അവര് അച്ഛനെ ഐസ് ബോക്സിൽ നിന്നും എടുത്ത് മുറ്റത്തിട്ട നാക്കിലയിലേക്ക് തെക്ക് വടക്ക് കിടത്തി. കാലുകളിൽ പിടിച്ച നമസ്ക്കരിക്കുന്നതിനിടെ അവൾ ആർത്തലച്ചു വീണു.

“അച്ഛാ....” ദേവിക നിലവിളിയോടെ എഴുന്നേറ്റിരുന്നു..

“എന്താ?” സുകേഷ് ആദിയോടെ എഴുന്നേറ്റു ചോദിച്ചു.

അവൾ മുഖത്തെയും കഴുത്തിലെയും വിയർപ്പ് ഒപ്പി. അച്ഛനെ സ്വപ്നം കണ്ടതാണ്.
നേരം പരപരാ...അവൾ ദിവസ പാച്ചിലിലേക്ക് ഓടി. ചോറ്, ചപ്പാത്തി, കറി...കൈകൾ ഓടുന്നില്ല. അച്ഛൻ വീണ്ടും.. ഉരുണ്ടു കൂടിയ വെള്ളഗോളങ്ങളെ കണ്ണുകൾ ഇറുക്കിയടച്ച് ഒഴുക്കിവിട്ടു.

ദൈവമേ!! ഇന്ന് 19. അച്ഛന് ....ഇന്നേക്ക് ഒരു മാസം തികയുന്നു, അവള് മൊബൈലെടുത്ത് അമ്മയെ വിളിച്ചു.

“അമ്മേ, ഇന്ന്...” അവള് പറഞ്ഞു തീരുന്നതിനു മുൻപ് ഒരു തേങ്ങിക്കരച്ചിലായിരുന്നു മറുപടി. “ഓർത്ത് ഓർത്ത് നീറാൻ ബാക്കിവച്ചിട്ട് പോയില്ലേ അച്ഛൻ.....” അമ്മയുടെ ഇടറിയ സ്വരം.... അൽപനേരം അമ്മയ്ക്ക് ചെവികൊടുത്ത് പിന്നെ വിളിക്കാമെന്നു പറഞ്ഞ് ഫോണ് വച്ചു. കരിഞ്ഞുപുകഞ്ഞ ചപ്പാത്തിയെ കുപ്പയില് കളഞ്ഞ് മനസ്സിനെ അച്ഛന്റെ ഓർമകളിലെക്കും അടുക്കള പണിയിലേക്കും വിഹിതം വച്ച് അവളുടെ കൈകൾ വെപ്രാളപ്പെട്ടു.

അച്ഛന്റെ കെട്ടിവരിഞ്ഞ സ്നേഹത്തിലെക്ക് ചാഞ്ഞ് അൽപനേരം നിന്നു. കുഞ്ഞു നാളിൽ അച്ഛന്റെ കഥകൾ കേട്ട് നെഞ്ചിൽ കമിഴ്ന്നു കിടന്നുറങ്ങിയ രാവുകൾ. മുതിർന്നപ്പോൾ കൂടെയിരുത്തി നല്ല വഴി ഉപദേശിച്ചു തന്ന തലോടലുകൾ... കൂടെക്കളിച്ചും, കുളിപ്പിച്ചും, കൂട്ടിരുന്നും പിന്നേയും ബാക്കിയായ സ്നേഹം.....

അച്ഛാ.....മനസ്സ് പിന്നെയും തേങ്ങി.

"ചായ ആയോ?" ടി വിയില് വാർത്ത കാണുന്നതിന്റെ ഇടയിൽ സുകേട്ടന്റെ അമ്മ വിളിച്ച് ചോദിച്ചു.

ഇപ്പൊ കൊണ്ടുവരാം അമ്മേ..വയ്ക്കാൻ മറന്നുപോയ ചായയെ ഓർത്തെടുത്ത് അവള് വെള്ളവും ചായപ്പൊടിയും ഇട്ട് പാത്രം സ്റ്റൌവ്വിൽ വച്ചു. ഇടയിൽ നാല് വയസ്സുകാരി മാളവിക ഓടിയെത്തി. അവൾക്ക് പാല് കൊടുത്ത് പറഞ്ഞു.

"മോളൂ, പാല് വേഗം കുടിച്ച് പോകൂ, അച്ഛൻ കുളിപ്പിച്ച് തരും".

"അമ്മയും വാ.." അവൾ ചിന്നുങ്ങാനിരുന്നു.

"അമ്മയ്ക്ക് നേരമില്ല ,ഇപ്പഴേ ഓഫീസിലേക്ക് വൈകി. മോള് പോ, അച്ഛൻ ചെയ്തു തരും."

മാളവികയെ ഉന്തി തള്ളി വിട്ട് ദേവിക ചായയുമായി അമ്മയ്ക്കരികില്ലേക്ക് ചെന്നു.

"എന്താ കാലത്തിന്റെ ഒരു അവസ്ഥ! കൊച്ചു കുട്ടികൾക്ക് പോലും രക്ഷയില്ലാണ്ടായിരിക്കുന്നു." അമ്മ ടിവിയിൽ നോക്കി പതം പറയാൻ തുടങ്ങി.

സ്കൂളിനു മുൻപിൽ രക്ഷകർത്താക്കളുടെ പ്രതിഷേധം. ഇന്നലെ സ്കൂളിൽ ലൈംഗിക പീഡനത്തിനിരയായ നാലു വയസ്സുകാരിയുടെയും മറ്റു പെൺകുട്ടികളുടെയും സുരക്ഷയ്ക്കു വേണ്ടിയുള്ള മുറവിളികൾ....സർക്കാരിന്റെ അനാസ്ഥയ്ക്കെതിരെയുള്ള രോഷം....

"കുട്ടികൾക്ക് നല്ലതും ചീത്തയും ഈ പ്രായത്തിലേ പറഞ്ഞു കൊടുക്കണം. അമ്മമാർക്ക് ഉത്തരവാദിത്വം കൂടുതലുണ്ട്. ഓട്ടപാച്ചിലിനിടയിൽ അത് മറക്കണ്ട". അമ്മ ചായ ഒരു കവിൾ ഇറക്കി ഉറക്കെ പറഞ്ഞു.

നെഞ്ചിൽ തറച്ച മുള്ളുമായി അവള് മുറിയിലേക്ക് പാഞ്ഞു.

തെയ്യാറാകുന്നതിനിടയിൽ മാളുവിന്റെ ചിന്നുങ്ങൽ കുളിമുറിയിൽ

നിന്നു വീണ്ടും കേട്ടു. സുകേട്ടൻ അവളെ സോപ്പുതേയ്ക്കുന്നു.

“എന്തിനാ മോളെ വാശി കാണിക്കുന്നത്. അമ്മയ്ക്ക് നേരമില്ലാഞ്ഞിട്ടല്ലേ...? അച്ഛന് വൈകിയേ പോകണ്ടൂ... നിന്റെ ഇതേ പ്രായത്തില് അമ്മയെ അമ്മച്ചനാണ് കുളിപ്പിച്ചു തന്നിരുന്നത്. പാട്ടെല്ലാം പാടി...അങ്ങനെ..... അമ്മയ്ക്ക് ഇപ്പോഴും അതെല്ലാം എന്തൊരു സുഖമുള്ള ഓർമകളാന്നെന്നോ...കല്യാണം കഴിയുന്നതുവരേയ്ക്കും അമ്മച്ചന്റെ ഒരുരുള ചോറ് കഴിച്ചേ അമ്മ കിടക്കാറുണ്ടായിരുന്നുള്ളൂ. ഇപ്പൊ അമ്മച്ചൻ ഇല്ലാതായപ്പോൾ ആ ഓർമകളെല്ലാം നൂറിരട്ടിയായി അമ്മയ്ക്ക് ചുറ്റുമുണ്ട്. ഒരു രഹസ്യം പറയാം... അവൾ മകളുടെ അടുത്തേയ്ക്ക് നീങ്ങി പുഞ്ചിരിയോടെ പറഞ്ഞു, .അമ്മ ഇത്ര സുന്ദരിയായത് അമ്മച്ചൻ കുളിപ്പിച്ച്, കണ്ണെഴുതി പൊട്ട് തൊടുവിച്ച് തന്നതുകൊണ്ടാ...”

എനിക്കും ഇഷ്ടമാ... പക്ഷെ ടീച്ചർ പറഞ്ഞു, ഇവടേം, ഇവടേം, ഇവടേം ആണുങ്ങൾ ആരേം തോടീക്കരുതെന്ന്, അവൾ നെഞ്ചും, ഗുഹ്യഭാഗവും, പിറകു വശവും തൊട്ടുകാന്നിച്ച് പറഞ്ഞു.

“അച്ഛൻ ആണുങ്ങളല്ലേ...” മാളു പകർന്നുകിട്ടിയ അറിവിന്റെ ബലത്തിൽ പറഞ്ഞു.

ദേവിക പാതി പിന്നിയ മുടിയിൽ പിടിച്ച് സ്തബ്ധയായി നിന്നു.

മകൾക്കു കിട്ടിയ സെക്സ് എജുക്കേഷന്റെ ബാലപാഠങ്ങൾ മനസ്സിലാവാതെ കൈയിലിരുന്ന ബേബി സോപ്പിലേക്ക് നോക്കി അച്ഛനും ഷോക്കേറ്റ് നിന്നു.

**<u>ശുഭം</u>**